# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6387** 21.11.2019-ൽ മറുപടിക്ക്

**<u>സ്റ്റേറ്റ് ഹൈവേയിലെ ചേർക്കള - കണിയാർവയൽ ഭാഗത്തിന്റെ പുനരുദ്ധാരണം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. കെ.സി.ജോസഫ്** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ സാമ്പത്തിക പരിമിതി മൂലം ഉൾപ്പെടുത്തുവാൻ കഴിയാതെ പോയ തളിപ്പറമ്പ് - ഇരിട്ടി സ്റ്റേറ്റ് ഹൈവേയിലെ ചേർക്കള - കണിയാർവയൽ ഭാഗം വീതികൂട്ടി പുനരുദ്ധരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) തളിപ്പറമ്പ് - ഇരിട്ടി സ്റ്റേറ്റ് ഹൈവേയിലെ ചേർക്കള - കണിയാർവയൽ റോഡിൽ വീതികൂട്ടി പുനരുദ്ധരിക്കുവാൻ നിലവിൽ പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല. |
| (ബി) കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള പ്രധാനപ്പെട്ട ഈ റോഡ് പൂർണ്ണമായും യാത്രായോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) ചേർക്കള - കണിയാർവയൽ ഭാഗത്ത് അറ്റകുറ്റപ്പണിക്ക് വേണ്ടി ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. എസ്.എൽ.ടി.എഫ് 2019-20 പ്രകാരം കി.മീ 1/000 മുതൽ 2/500 വരെ 10 ലക്ഷം രൂപയുടെ പ്രവൃത്തി തളിപ്പറമ്പ് സബ് ഡിവിഷൻ ഓഫീസിൽ നിന്ന് ടെണ്ടർ ചെയ്തിട്ടുണ്ട്. രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ആരും ഏറ്റെടുക്കാത്തതിനാൽ 22.11.2019-ന് തീയതി വച്ച് മൂന്നാമത്തെ പ്രാവശ്യം റീ ടെണ്ടർ ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ